പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1036 13.06.2013-ൽ മറുപടിക്ക്.

## ഗവൺമെന്റ് സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി വിഭാഗം തുടങ്ങാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സർക്കാർ മേഖലയിൽ എത്ര പ്രീ-പ്രൈമറി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നു. എവിടെയെല്ലാം; ഇവിടങ്ങളിൽ നിന്നും പരിശീലനം പൂർത്തിയാക്കി ഓരോ വർഷം എത്ര പേർ പുറത്ത് വരുന്നു; | (എ) | തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലായി 3 ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നു:<br><br>180 പേർ പുറത്ത് വരുന്നു |
| (ബി) | സർക്കാർ അംഗീകൃത പ്രീ-പ്രൈമറി ട്രെയിനിംഗ് സെന്ററുകൾ എത്ര എണ്ണമുണ്ട്; ഇവയിൽ നിന്നും പ്രതിവർഷം എത്ര പേർ പരിശീലനം പൂർത്തിയാക്കി പുറത്ത് വരുന്നു; | (ബി) | 16 എണ്ണം<br><br>800 പേർ |
| (സി) | 2012 ഡിസംബറിനുശേഷം പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിക്കുവാനോ, നിയമനങ്ങൾ നടത്തുവാനോ പാടില്ല എന്ന സർക്കാർ ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ; | (സി) | ഉണ്ട്, പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രീ-പ്രൈമറി അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള യോഗ്യതകൾ എന്താണെന്ന് വിശദമാക്കുമോ; | (ഡി) | സർക്കാർ അംഗീകൃത പ്രീ-പ്രൈമറി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള പ്രീ-പ്രൈമറി അദ്ധ്യാപക കോഴ്സ്/ബാലസേവിക ട്രെയിനിംഗ് കോഴ്സ്/ചൈൽഡ് കെയർ വർക്കേഴ്സ് പ്രോഗ്രാം കോഴ്സ് |
| (ഇ) | ഗവൺമെന്റ് സ്കൂളുകളോടനു-ബന്ധിച്ച് പി.ടി.എയ്ക്ക് കീഴിൽ പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭി-ക്കാൻ നടപടി സ്വീകരിക്കുമോ; | (ഇ) | ഇപ്പോൾ പരിഗണനയിലില്ല |
| (എഫ്) | പ്രീ-പ്രൈമറി വിഭാഗത്തിൽ നിർദ്ദിഷ്ട യോഗ്യതയില്ലാത്തവ-ർക്കും യോഗ്യതയുള്ള അദ്ധ്യാപകർക്കും തുല്യമായ വേതനം നൽകണമെന്ന ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | (എഫ്) | ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു |

Kumar [signature]
സെക്ഷൻ ഓഫീസർ

9

കേരള സർക്കാർ

(സംഗ്രഹം)

പൊതുവിദ്യാഭ്യാസം- സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ കൾ നടത്തുന്ന പ്രീ-പ്രൈമറി ക്ലാസുകളിലെ നിർദ്ദിഷ്ട യോഗ്യത നേടാത്ത ആദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (പി) വകുപ്പ്

സ.ഉ(എം.എസ്)നം. 146/2013/പൊ.വി. തീയതി, തിരുവനന്തപുരം, 25/04/2013

---

പരാമർശം :1. സർക്കാർ ഉത്തരവ് (സാധാ) നം. 2453/88/പൊ.വി. തീയതി 5.7.1988.

2. സർക്കാർ ഉത്തരവ് (എംഎസ്) നം,. 385/12/പൊ.വി തീയതി 07/12/.2012

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/3/2013 ലെഎൻ.എസ്.1/87256/ 2009/ഡി.പി.ഐ നമ്പർ കത്ത്

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ കളുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി ക്ലാസുകളിലെ അദ്ധ്യാപകരുടെ യോഗ്യത 10-ാം ക്ലാസ് വിജയവും സർക്കാർ അംഗീകൃത പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നുള്ള വിജയകരമായ പരിശീലനവും ആയയുടേത് 7-ാംക്ലാസ് വിജയവുമാണ്. ഇപ്രകാരം യോഗ്യത നേടിയ പ്രീപ്രൈമറി ക്ളാസുകളിലെ അദ്ധ്യാപകർക്കും. ആയമാർക്കും ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പ്രതിമാസം യഥാക്രമം 5000/ - രൂപയും 3500/- രൂപയും ഓണറേറിയമായി അനുവദിച്ച് പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

എന്നാൽ പി.ടി.എകൾ നിയമിച്ച നിരവധി അദ്ധ്യാപകരും. ആയമാരും സർക്കാർ നിശ്ചയിച്ച യോഗ്യതയില്ലാത്തവരായതിനാൽ വർദ്ധനവിന്റെ ആനുകൂല്യം ഇത്തരം ജീവനക്കാർക്ക് ലഭ്യമായിട്ടില്ല. വളരെ വർഷങ്ങളായി ജോലി നോക്കിവരുന്ന ഇത്തരം ജീവനക്കാർക്ക് കൂടി വർദ്ധനവിന്റെ ആനുകൂല്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ കളുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി ക്ലാസുകളിലെ നിർദ്ദിഷ്ട യോഗ്യത നേടാത്തതും 1/8/2012 ൽ ഒരു വർഷത്തെ സർവ്വീസെങ്കിലും പൂർത്തിയാക്കിയതുമായ എല്ലാ പ്രീപ്രൈമറി അദ്ധ്യാപകർക്കും,. ആയമാർക്കും 01.08.2012 മുതൽ പ്രതിമാസം യഥാക്രമം 5000/ - രൂപയും 3500/- രൂപയും ഓണറേറിയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം 07.12.2012 ന് ശേഷം പ്രീപ്രൈമറി ക്ലാസുകൾ

ആരംഭിക്കാനോ നിയമനങ്ങൾ നടത്തുവാനോ പാടില്ല. ഈ നിർദ്ദേശത്തിന് വിരുദ്ധമായി പ്രീപ്രൈമറി ക്ലാസുകളിൽ അദ്ധ്യാപകരേയും, ആയമാരേയും നിയമിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട അധികാരികൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. കെ. ഇളങ്കോവൻ**
**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും } പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും }
അക്കൗണ്ടന്റ് ജനറൽ (എ &ഇ)/(ആഡിറ്റ്) , കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( നം. 10582/എഡ്യൂ.എ2/12/ധന തീയതി 16.1.2013 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Kumari Rani

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

**(Abstract)**

General Education – Judgment of the Hon'ble High Court dated 01.08.12 in WA No. 205/11 filed by Kerala Preprimary Teachers and Ayahs Association and Others – Complied with -Orders issued.

**GENERAL EDUCATION (P) DEPARTMENT**

G.O.(MS) No.385 /2012/GEdn. Dated, Thiruvananathapuram. 07.12.2012

Read : 1. GO (Rt) No. 465/88/GEdn dated 06.02.1988

2. GO (Rt) No. 2453/88/GEdn dated 05.07.1988
3. Judgment of the Hon'ble High Court dated 27.01.2011 in WP (C) No. 2700/09
4. Judgment of the Hon'ble High Court dated 01.08.2012 in WA No. 205/11
5. Letter No. NS1/87256/09/DPI dated 15.10.12 of the Director of Public Instruction. Thiruvananthapuram.

## ORDER

In the Government order read as Ist paper above the Parent Teachers Associations of Government Schools were permitted to conduct Pre - Primary classes at their own expense wherever excess accommodation is available. Thereafter Government issued certain guidelines for the conduct of the pre-primary classes vide Government order read as 2nd paper above . As per the above orders the Parent Teachers Association concerned are responsible for paying wages to the teachers and Ayahs in the preprimary classes. However considering the request of preprimary employees Govt. sanctioned a monthly honorarium of Rs. 300/- (three hundred only) to the teachers and Rs.200/-(Two hundred only) to the Ayahs in 2010 in addition to the amount being paid by the Parent Teachers Association. This amount was subsequently enhanced to Rs.600/- (Six hundred only) and Rs.400/- (Four hundred only) respectively in 2011.

2. Kerala Preprimary Teachers and Ayhas Association and others filed WP © 2700/09 praying payment of salary to the teachers and Ayahs at the rate that was being paid to their counterparts in Govt. run Preprimary schools. But the Hon'ble High Court in its Judgment read as 3rd paper above rejected the Prayer on the ground that the petitioners cannot claim any employer - employee relationship with the Govt. and there is no constitutional obligation to impart free and compulsory education to the pupils below the age of 6 years.

3. Then the Kerala Pre-primary Teachers and Ayahs Association and others filed WA No. 205/11 against the above Judgment and the Hon'ble Court pronounced favourable orders to the petitioners. The Court observed that Government was obliged to give reasonable wages to the teachers serving with the qualification to teach in Preprimary schools and also to the Ayahs for the full time work they are doing in the schools. The relevant portion of the Judgment dated 01.08.12 of the Hon'ble High Court read as 4th paper above is as follows.

" We, therefore, direct the Government as an interim measure, to start paying @Rs.5,000/- per month to all Pre-Primary School Teachers in such schools attached to Government schools run by Parent-Teachers Association and Rs.3,500/- per month to Ayahs, until final decision is taken by the Government. The payment should start for the period starting from 01/08/2012 onwards, ie. for the salary payment due from 01/09/2012 onwards, until final decision is taken by the Government. The payment so made will be only adhoc and subject to final orders of the Government based on policy to be evolved by them. We are sure that the Government will not commit any mistake of fixing the salary at anything below the minimum stated by us above, though only as a temporary measure."

4. Govt. have examined the matter in detail. As per the Government order read as 2nd paper above for a unit of 30 children there shall be one teacher and one Ayah. The teacher's qualification shall be a pass in SSLC and Certificate obtained after undergoing training in the Preprimary Teachers Training Institutions recognized by Govt. and that of the Ayah shall have passed Std. 7. Hence in view of the court direction Govt. are pleased to grant an honorarium of Rs. 5000/- (Five thousand only) and Rs. 3500/- (three thousand and five hundred

only) per month to the qualified Teachers and Ayahs of preprimary classes conducted by the PTAs of Govt. Schools respectively wef 01.08.12 by strictly following the qualification and Teacher/Ayah - student ratio stipulated in the Govt. order read as 2nd paper above. The DPI, Thiruvananathpuram will take further action in this regard.

6. The Government further decided that no Pre-Primary Schools will be allowed to be opened in the state without prior approval of the Government

The direction of the Hon'ble High Court in the Judgment read as 4th paper above is thus complied with.

(By Order of the Governor)

**DR. K. ELLANGOVAN**
**Secretary to Government**

To

The Advocate General, Ernakulam. (with c/c)
The Accountant General (A&E/Audit), Kerala, Thiruvananathapuram.
The Director of Public Instruction Thiruvananthapurm.
The Kerala Pre- Primary Teachers $ Aayahs Association
Smt. Shouly N.J, Pre-Primary Teacher, Govt. B.T.S. L.P. School Edapally P.O, Ernakulam
Smt. Kaladevi M.V., Aayah, Govt. UPS, Thekkumbhagom, Tripunithura, Ernakulam
Smt. Jessy Alex, Kuttanparambil Changampuzha Road, Chuttupadukara,
Thiadilane, Edapally, Ernakulam.
The Finance Department (Vide UO No. 90411 Edn A2/2012/Fin dated 14.11.2012)
The Law Department Vide UO No. 19326/Suit C – III (1)/12/Law dated 23.08.2012.
Information & Public Relations Department.
General Administration (SC) Department
Stock File/OC

*Copy to*

PS to Minister for Education
PA to the Secretary G.Edn

**Forwarded by Order**

Kumari [signature]

Section Officer